പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6073 10/07/2012-ൽ മറുപടിക്ക്

## വ്യാവസായികേതര കെട്ടിട നിർമ്മാണത്തിന് ഇളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് : | **ശ്രീ.മഞ്ഞളാംകുഴി അലി** (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിക്കുമ്പോൾ വ്യാവസായി കേതര കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) നിലവിലുള്ള കെട്ടിടം പൊതു അതിർത്തിയിൽ നിന്ന് പാലിച്ച അകലം മാത്രമേ പുതുതായി നിർമ്മിക്കുന്ന കെട്ടിടവും പാലിക്കേണ്ടതുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടു ത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) നിലവിലുള്ള കെട്ടിടം പൊതു അതിർത്തിയിൽ നിന്ന് പാലിച്ച അകലം മാത്രമേ പുതുതായി നിർമ്മിക്കുന്ന കെട്ടിടവും പാലിക്കേണ്ടതുള്ളൂ എന്ന വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും നിലവിലില്ല. ജനങ്ങളുടെ സൗകര്യങ്ങളും സുരക്ഷയും ഉൾപ്പെടെ വിവിധ പരിഗണനകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. |

സെക്ഷൻ ആഫീസർ